നമ്പർ.ഇ.എം.(4)55956/2008

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 23.5.2009.

# സർക്കുലർ നമ്പർ 27/2009.

വിഷയം: സഹകരണ സ്ഥാപനങ്ങളിലെ അപ്രൈസർമാരുടെ ശമ്പളവും റിട്ടയർമെന്റും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1) സഹകരണ രജിസ്ട്രാറുടെ 10/2005,4/2006 നമ്പർ സർക്കുലർ.
2) സഹകരണ രജിസ്ട്രാറുടെ 10.7.2007 ലെ 38/2007 നമ്പർ സർക്കുലർ.
3) സർക്കാരിന്റെ 3.3.2009 ലെ 2566/ബി.1/09/സഹ. നമ്പർ കത്ത്.

സൂചന ഒന്നിലെ സർക്കുലറുകൾ പ്രകാരം സഹകരണസ്ഥാപനങ്ങളിൽ സ്ഥിര നിയമനം ലഭിച്ച അപ്രൈസർമാരുടെ കമ്മീഷൻ തുകയിൽ നിന്നും പ്രതിമാസ വേതനം സൂചന രണ്ടിലെ സർക്കുലർ പ്രകാരം 750/- രൂപയായി വർദ്ധിപ്പിച്ചു നൽകിയിരുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള സ്റ്റേറ്റ് അപ്രൈസേഴ്സ് യൂണിയൻ ഭാരവാഹികളുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അപ്രൈസർമാരുടെ കമ്മീഷൻ തുകയിൽ നിന്നും പ്രതിമാസ വേതനം 1000/- രൂപ (രൂപ ആയിരം)യായി വർദ്ധിപ്പിച്ചു നൽകേണ്ടതാണ്.

2. ഈ വിഭാഗം ജീവനക്കാരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരെപോലെ പ്രത്യേക വിഭാഗമായി പരിഗണിച്ച് 65 വയസ്സുവരെ തുടരാൻ അനുവദിക്കേണ്ടതാണ്. എന്നാൽ ഈ ഉത്തരവ് തീയതിയിൽ 65 വയസ് കഴിഞ്ഞവരെ 70 വയസ്സുവരെ തുടരാൻ അനുവദിക്കാവുന്നതാണ്.

ഒപ്പ്,
റാണിജോർജ്ജ്.ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:
1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ ആന്റ് ആഡിറ്റ്).
2. പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
4. സഹകരണ വീഥി/സഹകരണ ജേർണൽ.
5. എല്ലാ സെക്ഷനുകൾക്കും,
6. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം,

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം. സെക്ഷൻ).